14 - ാം കേരള നിയമസഭ

7 - ാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.*18 07.08.2017 -ൽ മറുപടിയ്ക്ക്

## സ്വാശ്രയ മെഡിക്കൽ ഫീസ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.മുരളീധരൻ :<br>ശ്രീ.വി.ടി.ബൽറാം :<br>ശ്രീ.വി.എസ് .ശിവകുമാർ:<br>ശ്രീ.എ.പി.അനിൽകുമാർ | ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) സ്വാശ്രയ മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട ഫീസ് നിർണ്ണയ കാര്യത്തിൽ സർക്കാർ തലത്തിൽ ഏകോപനം ഉണ്ടായിട്ടില്ല എന്ന് ഹൈക്കോടതി വിമർശനം ഉണ്ടായിട്ടുണ്ടോ ? | (എ) വിവിധ വകുപ്പുകൾ തമ്മിൽ ഏകോപനമുണ്ടായെങ്കിൽ സ്വാശ്രയ അലോട്ട്മെന്റ് സംബന്ധിച്ച ഓർഡിനൻസ് കുറെ കൂടി വേഗത്തിൽ കൊണ്ടുവരാൻ സാധിക്കുമായിരുന്നു എന്നാണ് കോടതിയുടെ പരാമർശം. അങ്ങനെയായിരുന്നെങ്കിൽ പരാതിക്ക് ഇടയുണ്ടാകുമായിരുന്നില്ല എന്നും കോടതി നിരീക്ഷിച്ചു. എന്നാൽ 10.04.2017-ന് ഇറക്കിയ ഓർഡിനൻസ് തുടർന്ന് വന്ന നിയമസഭയിൽ അവതരിപ്പിച്ച് നിയമമാക്കാൻ തയ്യാറാക്കിയിരുന്നെങ്കിലും ചില പ്രത്യേക കാരണങ്ങളാൽ അസ്സംബ്ലി ദിനങ്ങൾ വെട്ടിച്ചുരുക്കിയതിനാൽ ബിൽ അവതരിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. അതിനാൽ ഓർഡിനൻസ് 01.06.2017 - ൽ റീ- പ്രോമൾഗേറ്റ് ചെയ്യേണ്ടി വരികയും ചെയ്തു. എന്നാൽ 08.06.2017 - ന് അവിചാരിതമായി ഒരു ദിവസത്തേക്ക് മാത്രമായി (ബീഫ് നിരോധനം ചർച്ച ചെയ്യാൻ) സഭ ചേർന്നതിനാൽ ഓർഡിനൻസ് 10.07.2017-ന് റീ-പ്രോമൾഗേറ്റ് ചെയ്യേണ്ടി വരികയും ചെയ്തു. കോടതിയുടെ പരാമർശത്തിന് ഇടയാക്കിയത് ഈ സാഹചര്യമായിരുന്നു . |
| (ബി) എങ്കിൽ സർക്കാർ തലത്തിൽ ഏകോപനം ഉണ്ടാകാതിരുന്നതിനുള്ള കാരണം എന്തായിരുന്നുവെന്ന് അറിയിക്കാമോ ? | (ബി) ഏതെങ്കിലും വിധത്തിലുള്ള ഏകോപനക്കുറവുണ്ടായതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | എങ്കിൽ സർക്കാർ തലത്തിൽ ഏകോപനം ഉണ്ടാകാതിരുന്നതിനുള്ള കാരണം എന്തായിരുന്നുവെന്ന് അറിയിക്കുമോ; | (ബി) | ഏതെങ്കിലും വിധത്തിലുള്ള ഏകോപനക്കുറവുണ്ടായതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) | സ്വാശ്രയമേഖലയിൽ അരാജകത്വമുണ്ടാക്കി അതിലൂടെ സ്വാശ്രയമുതലാളിമാരുടെ താല്പര്യം സംരക്ഷിക്കുന്നതിനാണ് സർക്കാർ ശ്രമിച്ചതെന്ന ആക്ഷേപം വസ്തുതാപരമാണോ; | (സി) | അല്ല. |
| (ഡി) | ഇത സംബന്ധിച്ച ഓർഡിനൻസിൽ നിഷ്കർഷിച്ചതിന് വിരുദ്ധമായി പത്ത് അംഗങ്ങൾക്ക് പകരം അഞ്ച് അംഗങ്ങളെ മാത്രം ഉൾക്കൊള്ളിച്ച് അഡ്മിഷൻ ആന്റ് ഫീ റെഗുലേറ്ററി കമ്മിറ്റിയെ നിയമിക്കുകയും പ്രസ്തുത നിയമനം ഓർഡിനൻസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി, ഗസറ്റിൽ പ്രസിദ്ധീകരിക്കാതെ സർക്കാർ ഉത്തരവായി പുറപ്പെടുവിക്കുകയും ചെയ്തത് ആരുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | ഓർഡിനൻസിൽ നിശ്ചയിച്ച 10 അംഗ കമ്മിറ്റിക്ക് പകരം 5 അംഗ കമ്മിറ്റിയാണ് റീ കോൺസ്റ്റിറ്റ്യൂട്ട് ചെയ്തത്. ഈ നോട്ടപിശക് ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ ആയത് തിരുത്തി ഓർഡിനൻസ് പ്രകാരമുള്ള കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**